# EPARCHY OF MISSISSAUGA

## BULLETIN



August - 2019

Vol.3, No. 08

# EDITORIAL BOARD

## CHIEF EDITOR

**Rev. Fr. John Mylamvelil**

## EDITORS

**Rev. Fr. Martin Augustin SDB**

**Rev. Fr. Jojo Changanamthundathil**

**Rev. Sr. Philsy CMC**

# INDEX


01. Circular Letters

02. Prayer for the Diocesan Convention

03. Bishop's Engagements

04. Festal Greetings

05. Curia News

06. Priestly Spirituality-Biblical Reflection

07. News from Departments

08. News from Parishes

09. Bishop's Diary

10. Prayer for the Eparchy

# EPARCHY OF MISSISSAUGA

## "FOR THE GLORY OF GOD"

Pastoral Center, Syro-Malabar Eparchy,
6630 Turner Valley Rd, Mississauga, ON L5N 2P1 Canada
Email: bishop@syromalabarcanada.org, Tel: +1 (905) 858 8200

## സർക്കുലർ

നമ്പർ 138/2019

## മിസ്സിസ്സാഗ ബൈബിൾ കൺവെൻഷൻ

ജനതകളേ, കർത്താവിന്റെ വചനം കേൾക്കുവിൻ. വിദൂര ദ്വീപുകളിൽ അത് പ്രഘോഷിക്കുവിൻ. ഇസ്രായേലിനെ ചിതറിച്ചവൻ അവരെ ഒരുമിച്ച് കൂട്ടുകയും ഇടയൻ ആട്ടിൻ കൂട്ടത്തെയെന്ന പോലെ പാലിക്കുകയും ചെയ്യും എന്ന് പറയുവിൻ' (ജെറ 31:10).

കാനഡയിൽ ചിതറിപ്പാർക്കുന്ന വിശ്വാസി സമൂഹത്തിന്റെ ശക്തികേന്ദ്രമായി വളർന്നു വരികയാണ് മിസ്സിസ്സാഗ രൂപത. മൂന്ന് മാസത്തിലൊരിക്കലോ ഞായറാഴ്ചകളിൽ മാത്രമോ ആയി സീറോമലബാർ മലയാളം കുർബാന അർപ്പിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിൽനിന്ന് വളർന്ന്, എന്നും വിശുദ്ധ ബലിയർപ്പണത്തിൽ പങ്കുചേരുവാനുള്ള സാഹചര്യത്തിലേയ്ക്ക് ദൈവം നമ്മെ വളർത്തിക്കൊണ്ടിരിക്കുന്നു. ചിതറിക്കിടക്കുന്നവരെ ഒരുമിച്ചുകൂട്ടാനും ഇടയൻ ആട്ടിൻപറ്റത്തെയെന്നപോലെ പാലിക്കാനുമായി നമുക്ക് ലഭിച്ചിരിക്കുന്ന ഈ രൂപതയെ ഓർത്ത് ദൈവത്തിന് നന്ദിപറയാം. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയാകയാൽ ദൈവത്തെ കണ്ടെത്താനുള്ള ആഗ്രഹം ദൈവം തന്നെ മനുഷ്യന്റെ ഹൃദയത്തിൽ നിക്ഷേപിച്ചിട്ടുണ്ട്. വി. അഗസ്റ്റിൻ അത് മനോഹരമായി പറയുന്നുണ്ട്: 'ദൈവമേ, നീയെന്നെ നിനക്കായി സൃഷ്ടിച്ചു. നിന്നിൽ വിലയം പ്രാപിക്കും വരെ എന്റെ ഹൃദയം അസ്വസ്ഥമായിരിക്കും'. ഈ അസ്വസ്ഥതയാണ് എല്ലാവിധ അന്വേഷണങ്ങളുടെയും പ്രചോദനം. സത്യത്തിനും സന്തോഷത്തിനും വേണ്ടിയുള്ള അന്വേഷണങ്ങൾ ആത്മാർത്ഥമാണെങ്കിൽ അത് ദൈവത്തിലെത്തിച്ചേരുകതന്നെ ചെയ്യും. ദൈവത്തെ കണ്ടെത്തുന്നതുവരെ ആരുടെയും അന്വേഷണങ്ങൾ പൂർണ്ണമാകുന്നില്ല. അതിനാലാണ് വി. ഈഡിത്ത് സ്റ്റെയിൻ പറയുന്നത്: 'അവരത് അറിഞ്ഞാലും ഇല്ലെങ്കിലും സത്യമന്വേഷിക്കുന്നവരെല്ലാം തേടുന്നത് ദൈവത്തെതന്നെയാണ്" എന്ന്.

ക്രൈസ്തവരായ നാം സ്വർഗം ലക്ഷ്യമാക്കിയുള്ള തീർത്ഥാടകസഭയിലെ അംഗങ്ങളാണല്ലോ. ഈ യാത്രയിൽ നമ്മെ സഹായിക്കുവാൻ നമുക്കൊരു രൂപതാ കൺവൻഷന് അവസരം ലഭിച്ചിരിക്കയാണ്. നമ്മുടെ യാത്രയെ വിലയിരുത്തുവാനും തിരുത്തുവാനും ദൈവത്തിൽ ആശ്രയിച്ച്, വിശ്വാസത്തിൽ ആഴപ്പെട്ട്, പരിശുദ്ധാത്മ അഭിഷേകത്താൽ മുന്നോട്ട് കുതിക്കുവാനുമുള്ള ഒരവസരം. മിസ്സിസ്സാഗ രൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ആദ്യ ബൈബിൾ കൺവൻഷൻ 2019 ഒക്ടോബർ 18, 19, 20 തിയതികളിലായി 7575 Kennedy Road, South Brampton ൽ നടത്തപ്പെടുന്നു. ഇത് ദൈവാനുഗ്രഹത്തിന്റെയും അഭിഷേകത്തിന്റെയും ദിനങ്ങളാക്കി മാറ്റാൻ നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം. ഏതാനും ദിവസങ്ങളിൽ ഒരുമിച്ച് കൂടാനും ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദിപറയാനും ഹൃദയമാകുന്ന വയലിലേയ്ക്ക് വചനത്തിന്റെ ജീവജലം ഒഴുക്കാനും പരിശുദ്ധാത്മാവിന്റെ അഭിഷേക അനുഗ്രഹങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാനും ലഭിക്കുന്ന കൃപയുടെ ദിനങ്ങളാണിവ.

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന്റെ 2725 ാം ഖണ്ഡികയിൽ നാം ഇപ്രകാരം വായിക്കുന്നു. "Prayer is both a gift of Grace and a determined response on our part. It always presupposes effort'. പഴയനിയമത്തിലും പുതിയനിയമത്തിലും വിശുദ്ധരുടെ ജീവചരിത്രങ്ങളിലുമെല്ലാം നിഴലിച്ച് നിൽക്കുന്ന ഒരു വസ്തുത പ്രാർത്ഥന എന്നത് ഒരു പോരാട്ടമാണ് എന്ന വസ്തുതയാണ്." Prayer is a battle against ourselves and against the tempter who does all he can to turn man away from prayer and away from union with God'. പ്രാർത്ഥനയിൽനിന്ന് നമ്മെ പിന്തിരിപ്പിക്കുന്ന ഘടകങ്ങൾ ഏറെ ഉള്ളതുകൊണ്ടാണ് മതബോധനഗ്രന്ഥം നമ്മെ ഓർമ്മിപ്പിക്കുന്നത് 'It always presupposes effort'. മാതാപിതാക്കളിൽ നിന്ന് കൈമാറ്റം ചെയ്തു കിട്ടിയ വിശ്വാസം തലമുറകളിലേയ്ക്ക് കൈമാറ്റം ചെയ്യുവാനും പരിപോഷിപ്പിക്കുവാനും പലവിധ തടസ്സങ്ങൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലും പ്രദേശത്തുമാണല്ലോ നാം വസിക്കുന്നത്. ശക്തമായ പ്രാർത്ഥനയും ഒരുക്കവും

നടത്തിയാൽ മാത്രമേ ഈ കൺവെൻഷനിൽ നമുക്ക് പങ്കെടുക്കാനും അനുഗ്രഹം പ്രാപിക്കാനും സാധിക്കുകയുള്ളു. കർത്താവ് ആകാംക്ഷയോടെ കാത്തിരിക്കുന്ന ഒരു ആത്മാവുണ്ട് നമ്മുടെ ശരീരത്തിൽ. 'നിന്റെ ശരീരം കർത്താവിന്റെ ആലയമാണെന്ന് മനസ്സിലാകുന്നില്ലേ? എന്ന ചോദ്യവും, പാരീസ് യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകനായിരുന്ന ഫ്രാൻസിസ് അസ്സീസ്സിയുടെ ജീവിതത്തെ മാറ്റിമറിച്ച 'ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവ് നശിച്ചാൽ എന്തു പ്രയോജനം' എന്ന വിശുദ്ധ മത്തായിയുടെ സുവിശേഷം 16ാം അദ്ധ്യായം 26 ാം വാക്യവും ചേർത്ത് വായിക്കുമ്പോൾ, കാനഡയിലെ ജീവിത പ്രാരാബ്ധങ്ങൾക്കിടയിൽ നമ്മൾ ഒരോരുത്തരും നമ്മുടെ ശരീരത്തിനും ആത്മാവിനും അൾത്താരയ്ക്കുമുൻപിൽ അൽപം വിശ്രമം നൽകേണ്ടത് ആവശ്യമാണെന്ന് തിരിച്ചറിയുന്നു.

നമുക്ക് പ്രാർത്ഥനയിൽ സ്ഥിരതയും ആത്മാഭിഷേകവും ലഭിക്കാനുള്ള താൽപര്യമാണ് രൂപതാ തലത്തിൽ ഒരു ബൈബിൾ കൺവെൻഷനെക്കുറിച്ച് ആലോചിക്കുവാൻ തന്നെ കാരണമായത്. വളരെ മുൻകൂട്ടിതന്നെ ബഹു. ഡൊമിനിക് വാളൻമനാൽ അച്ചനുവേണ്ടിയുള്ള ഒരുക്കങ്ങളും ക്രമീകരണങ്ങളും ചെയ്തുവെങ്കിലും ചില പ്രത്യേകസാഹചര്യങ്ങളാൽ അച്ചന് വരാൻ സാധിക്കുകയില്ല. തിന്മയുടെ ശക്തിക്കെതിരെയുള്ള നിരന്തരമായ ചെറുത്തുനിൽപിന്റെയും പ്രാർത്ഥനയുടെയും ഫലമായി, നമുക്കനുയോജ്യരായ വചനപ്രഘോഷകരെ തന്നെയാണ് പകരം ലഭിച്ചിരിക്കുന്നത്.

തൃശൂർ അതിരൂപതാദ്ധ്യക്ഷൻ, അഭിവന്ദ്യ ആൻഡ്രൂസ് താഴത്തു പിതാവ് ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നൽകുന്ന മിസ്സിസ്സാഗ രൂപതയുടെ ആദ്യ ബൈബിൾ കൺവെൻഷൻ മൂന്നു പേർ ചേർന്നാണ് നയിക്കുന്നത്. ഷംസദാബാദ് രൂപതയുടെ അദ്ധ്യക്ഷനും കേരളസഭയിൽ തന്നെ ഒത്തിരിയേറെ വചനപ്രഘോഷണ വേദികളെ ധന്യമാക്കുകയുംചെയ്യുന്ന അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന്റെ സാന്നിദ്ധ്യം നമുക്ക് വലിയ അനുഗ്രഹമാണ്. താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിലെ വചനശുശ്രൂഷകനായ ബഹു. സാജു എലഞ്ഞിയിൽ എം. എസ്. ടി. അച്ചനും ഇൻഡ്യയിലും വിദേശത്തുമായി വളരെ വ്യത്യസ്തതയാർന്ന ജീവിതാനുഭവങ്ങൾ പങ്കുവച്ച് സുവിശേഷം പ്രസംഗിക്കുകയും ഫിലോക്കാലിയ ധ്യാനത്തിന്റെ ഉപജ്ഞാതാവുമായ ബ്രദർ മാരിയോ ജോസഫും കൺവെൻഷന് നേതൃത്വം നൽകും. കൺവെൻഷന്റെ വിജയത്തിനായുള്ള ഏതാനും കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തട്ടെ.

1. 2019 ആഗസ്റ്റ് 15 ന് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്. ക്രമീകരണങ്ങളുടെ എളുപ്പത്തിനായി നേരത്തെതന്നെ രജിസ്റ്റർ ചെയ്യുമല്ലോ?
2. കുടുംബാംഗങ്ങൾ ഒരുമിച്ചാണ് കൺവെൻഷനിൽ സംബന്ധിക്കേണ്ടത്. കുട്ടികൾക്കും യുവജനങ്ങൾക്കുമുള്ള പ്രത്യേക സെഷൻ ഉണ്ടായിരിക്കുന്നതല്ല.
3. കൺവൻഷൻ വിജയത്തിനായുള്ള പ്രാർത്ഥന എല്ലാ ഇടവകകളിലും ഭവനങ്ങളിലും ചൊല്ലുക.
4. കൺവൻഷൻ ക്രമീകരണങ്ങൾക്കായി വിവിധ കമ്മറ്റികൾ പ്രവർത്തനം ആരംഭിച്ചു. എല്ലാ ഇടവകകളിലും മദ്ധ്യസ്ഥപ്രാർത്ഥനാ ഗ്രൂപ്പ് തുടങ്ങുന്നത് അഭിലഷണീയമാണ്.

അനുഗ്രഹപ്രദമായ വചനപ്രഘോഷണ ദിനങ്ങളിലേയ്ക്കുള്ള ഒരുക്കങ്ങൾ ആരംഭിക്കേണ്ട സമയമായി. സ്തുതിഗീതങ്ങളാലും ആരാധനകളാലും നമുക്ക് അവിടുത്തെ വാഴ്ത്താം. രക്തസാക്ഷികളുടെ ചുടുനിണം വീണ മണ്ണിൽ നമുക്കും വചനപ്രഘോഷകരാകാം. വിശ്വാസത്തിൽ ആഴപ്പെടാനും ദൈവാനുഭവത്തിൽ നിറയാനും നമുക്ക് പ്രാർത്ഥിക്കാം. 'സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്ത് നിൽക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിച്ചുകൊണ്ട്, (എഫേ 6:11) നല്ല ദിനങ്ങൾക്കായ് നമുക്കൊരുങ്ങാം.

ദൈവാനുഗ്രഹങ്ങൾ നേർന്നുകൊണ്ട്,

+ മാർ ജോസ് കല്ലുവേലിൽ
മിസ്സിസ്സാഗ രൂപത മെത്രാൻ

*NB: Please read this circular in all the parishes and missions during Holy Qurbana on Sunday, August 04th or the nearest possible day.*

## Mississauga Diocesan Convention Prayer

O Father,Son and Holy Spirit, we surrender to your lovinghands the forthcoming convention. “The Holy Spirit will come upon you; the power of the Most High will overshadow you” (Lk 1: 35). Shower the anointing of this word of God upon this convention. Anoint with Holy Spirit the preachers, Bishop Mar Raphel Thatil, Rev. Fr. Saju Elanjiyil, Bro. Mario Joseph, the team of volunteers and all of us and our families who participate in this convention.Loving Lord, who through the prophet Jeremiah promised that you will bless your priests with your prosperity, shower the outpouring of your Holy Spirit upon Fr. Dominic Valamnal and the team. Lord Jesus, you promised that your people will be satisfied with your blessings, bless all the families and the entire diocese with the gifts and fruits of your Holy Spirit.O Father,in the name of your beloved Son Jesus, let there be miracles, signs and healings happening in this convention. Mother Mary, St. Joseph, Saint Alphonsa and all the saints intercede for us. Amen

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമേ, അങ്ങയുടെ പ്രത്യേക പരിപാലനയാൽ നടക്കുവാനിരിക്കുന്ന കൺവൻഷനെ പൂർണ്ണമായും അങ്ങേ കരങ്ങളിൽ ഞങ്ങൾ സമർപ്പിക്കുന്നു. "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും" (ലൂക്കാ1/37) എന്ന തിരുവചനത്തിന്റെ അഭിഷേക ശക്തി ഈ കൺവൻഷന്റെ മേൽ വർഷിക്കണമെ. കൺവൻഷൻ നയിക്കുന്ന അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിനെയും, റവ. ഫാ. സാജു ഇലഞ്ഞിയിൽ അച്ചനെയും, ബ്രദ. മാരിയോ ജോസഫിനെയും കൺവൻഷനിൽ പങ്കെടുക്കുന്ന ഞങ്ങളേയും എല്ലാ കുടുംബങ്ങളെയും അങ്ങയുടെ അരൂപിയാൽ നിറയ്ക്കണമെ. അവിടുത്തെ പുത്രനായ യേശുവിന്റെ പരിശുദ്ധ നാമത്തിൽ അൽഭുതങ്ങളും അടയാളങ്ങളും രോഗശാന്തിയും സംഭവിക്കുന്നതിനായി അവിടുത്തെ കൈകൾ നീട്ടണമെ. ഞങ്ങളുടെ രൂപതയേയും അഭിവന്ദ്യ പിതാവിനെയും എല്ലാ വൈദീകരെയും ഇടവകകളെയും കുടുംബങ്ങളെയും ആത്മാവിന്റെ വരദാനങ്ങളാൽ നിറയ്ക്കണമെ. പരി. അമ്മേ, വി. യൗസേപ്പിതാവേ, വി. അൽഫോൻസാമ്മേ, സകലവിശുദ്ധരേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

**Date: 18-20 October 2019**

**Venue**
**7575 Kennady Road, Brampton**
**Ontario L6W 4T2**

**Registration Starts on:**
**15th August 2019**

**Link**
***https://krupabhishekam2019.herokuapp.com***

# EPARCHY OF MISSISSAUGA

"FOR THE GLORY OF GOD"

Pastoral Center, Syro-Malabar Eparchy,
6630 Turner Valley Rd, Mississauga, ON L5N 2P1 Canada
Email: bishop@syromalabarcanada.org, Tel: +1 (905) 858 8200

## CIRCULAR

Prot. No. 139/2019

"Keep these words that I am commanding you today in your heart. Recite them to your children and talk about them when you are at home and when you are away, when you lie down and when you rise" (Deut 6: 6-7).

Dear beloved brothers and sisters and my dear children in Jesus Christ,

The new Academic Year begins soon. Children are getting ready for serious study with a refreshed mind. I extend my sincere wishes and paternal blessings to everyone in the coming Academic Year.

As we begin our Catechism classes on September 08, 2019, I would like to appreciate honestly all the parish priests, catechism teachers and all who are engaged in this noble ministry of the Church. Jesus said: "Let the children come to me, and do not stop them; for the kingdom of heaven belongs to such as these" (Mt. 19, 14). Dear children, grow in the love of Jesus drawing you close to Him. The catechetical ministry is one of the major focus of our Diocese.

The entire Catechism course is centered in the four pillars of the Catechism meticulously described in the Catechism of the Catholic Church. 1) The Profession of Faith (Creed) 2) The Celebration of Christian Mystery (Liturgy) 3) Life in Christ (Morality) and 4) Christian Prayer (Cf. CCC, 1). Dogmatic study of the fundamental principles and the articles of Catholic Faith bestow on us a deep faith in the mystery of Triune God. The mystery we believe is celebrated in the Sacred Liturgy of the Church including the sacraments and the sacramentals. The Holy Eucharist is the summit of all the liturgical celebration. Sacred Liturgy evokes us to transform our lives into the person of Jesus Christ through the promptings of Holy Spirit to become a true disciple by observing Christian values and morals based on the Ten Commandments. The mystery believed, celebrated and lived leads us to a vital and personal relationship with the living and true God. This relationship is prayer, indeed a gift from God (Cf. CCC, 2558). So Catechesis is a faith journey

to witness the Divine mystery.

It is an established fact that nothing or no one can replace the timely and effective influence of the parents in the faith journey of a child. In today's society, dear parents you have to deal with various challenges in the faith formation of your children such as, impacts of consumerism, secularism and cultural diversities, huge influence of social media, and the similar kind. Usually, the catechism children out of seven days in a week, only 90 minutes are with the catechists and in the Church ambiance; and all the rest where are they? So, the parents are the models and the primary teachers of faith and morals by providing a natural environment for children to grow in the integrity of personality.

Catechism of the Catholic Church exhorts: "Through the grace of the Sacrament of marriage, parents receive the responsibility and privilege of evangelizing their children. Parents should initiate their children at an early age into the mysteries of the faith of which they are "first heralds" for their children. They should associate them from their tenderest years with the life of the Church." (CCC, 2225).

Hence, it is not limited in taking your children for the Sacraments of Initiation, namely, Baptism, Confirmation and Holy Communion and relinquishes your responsibilities to the priests or religious sister or catechists who instruct your children on basic doctrine of faith. It goes furthermore as CCC teaches: "Education in the faith by the parents should begin in the child's earliest years. This already happens when family members help one another to grow in faith by the witness of a Christian life in keeping with the Gospel. Family Catechesis proceeds, accompanies, and enriches other forms of instruction in the faith. Parents have the mission of teaching their children to pray and discover their vocation as children of God. The parish is the Eucharistic community and the heart of the liturgical life of Christian families. It is a privileged place for the catechesis of children and parents."

The regular catechism class at the Church is the extended ministry done at home. An unconvinced question sometimes put forward by the parents is, what I have to do with the faith formation of my children. You know your children emotionally, physically and spiritually more than any other person.

So accompany your child to foster his/her faith formation diligently is an unblemished responsibility carried out by you. You are the prime Gospel teachers of your children. I congratulate you dear parents for bringing your children close to Jesus taking all the efforts. It is a Divine duty remarkably accomplished by the parents.

Above all, the Catechetical formation of children in parish is not a single-handed effort by the pastor or the catechism teachers. But it is a collective ministry assiduously done by the parish priest, parents, catechism teachers and the whole ecclesiastical community together. To cherish this end, I urge you to form Parents Teachers Association (PTA) in every parish to enhance the coordination of all the persons involved in the catechetical formation witnessing Christ. Let us engage earnestly in handing over our Faith and Tradition to the next generation fully and perfectly with deep conviction resolving ourselves and supporting wholeheartedly the catechetical ministry of the Church.

Dear All, I wholeheartedly appreciate the tireless and altruistic ministry of Rev. Fr. Martin Augustine SDB (Eparchial Director), Rev. Sr. Jeslin CMC (Eparchial Associate Director), Rev. Fr. Augustine Kallumkatharyil (Associate Director for Western Region), Rev. pastors, catechism teachers, commission members and parents. I thank you most sincerely on behalf of the Department of Catechism of the Eparchy of Mississauga. Wish you all a joyful and fruitful new faith formation year!

May Lord grant you all His abundant blessings!

Yours fraternally in Christ, the Divine Master

+ Mar Jose Kalluvelil
Bishop of Mississauga

*NB: Please read this circular in all the parishes and missions during Holy Qurbana on Sunday, August 11 or the nearest possible day.*

# BISHOP'S ENGAGEMENTS

## AUGUST 2019

| | |
|---|---|
| 01/08- 04/08 | Chicago Syro-Malabar Convention, Huston |
| 06/08 | 10:00 AM: Monthly Recollection for Priests and Sisters |
| 08/08 | 7:30 PM: Director Board meeting of Shepherds of Faith |
| 09/08 | 7:30 AM: SOE Concluding Holy Mass |
| 10/08 | 9:30 AM: Blessing of Health Center at Hamilton |
| | 11.00 AM: House Blessing at Cambridge |
| 11/08 | 9:30 AM: Parish Feast Holy Mass at London |
| | 3:30 PM: Holy Mass, SMYM Young Adult Retreat at Cathedral |
| 13/08 | 5:00 AM: Pilgrimage to Marmara |
| | 5:00 PM: Flight to Kerala for Synod of Bishops |
| 17/08 | First Holy Communion at Ponnamkode, Palakkad |
| 18/08 | 12:00 PM: Holy Mass at St. Mary's Church Kanjoor |
| 19/08 - 30/08 | Syro-Malabar Bishops' Synod at St. Thomas Mount Kakkanadu |

**Prayerful Festal Greetings**

**To**

**Rev. Fr. Augustine Kallumkatharayil**



## Pastoral Visit - Nova Scotia

19th to 25th July, 2019



We are immensely happy to present a small report of the Pastoral Visit of H.E. Mar Jose Kalluvelil from 19 - 25 July 2019 in the Province of Nova Scotia. It was very fruitful and successful as it gave a significant impetus on the spiritual and social life of communities in Halifax, Berwick, Bridge Water and Sidney.

The meeting with Parish Council members at Halifax on 20 July was productive. It could clarify many concerns like CRA Charity Registration of the parish, faith formation of the children, code of pastoral conduct, appointment of the new priest, financial policies, diocesan registers, pre-marriage courses and retreats and commencing of new mission centers at Bridge Water and Sidney.

Almost all the members actively participated in the Holy Mass offered by His Excellency with Rev. Fr. Thomas Thekkekara, the pastor, at Ave Maria Mission, Berwick on 21 July at 10.30 am. It was followed by a public meeting in which an *Ad hoc* committee was formed; and decided to begin the process for CRA registration under the leadership of Nithin Jose, the General Coordinator.



The Holy Mass in the afternoon at 4.00 pm at the Holy Family Parish, Halifax was well attended by the parishioners. Mr. Arun Johny and Mr. Nithin Jose were elected as Pastoral Council Members in Halifax and Berwick respectively.

The first visit of His Excellency at Cape Breton University and the Holy Mass for

the International Students at Holy Redeemer Church were truly an energizing and spirit filled experience. The formation of St. Augustine Syro-Malabar Mission, Sidney was one of the major gifts of God during this pastoral visit. Mr. Samuel, the Vice President of Cape Breton University was elected as the General Coordinator of this new Mission.



The wholehearted support and encouragement of priests in Halifax and Sidney were specially recognized. Rev. Frs. Thomas Thekkekara, Jose Thomas and the Parish Council Members under the leadership of Mr. Linto Joseph, have successfully coordinated all the events of the pastoral visits.

Gratefully Rev. Pastors and Parishioners

**Appointments**

Fr. Jojo Changanamthundathil, Associate Director of the Social Media in the Eparchy of Mississauga, in addition to the present ministries, w.e.f. July 18, 2019 (Prot. No. 137/2019).

## MONTHLY RECOLLECTION FOR PRIESTS AND SISTERS

### SCHEDULE

Date : August 06, 2019 Tuesday

9.00 am -10 am : Discussion of Priests with Bishop

10.00 am -11.00am : Talk by Rev. Fr. Tomy Chittinapilly

11.00 am -12.00 pm : Adoration and Confession

1.00 pm : Lunch

2.00 pm : Conference, Departure

## ANNUAL RETREAT FOR PRIESTS AND SISTERS

### SCHEDULE

Date : 21st Monday to 24th Thursday, October, 2019

Preacher : Rev. Fr. Saju Elanjikkal MST, Sehion Retreat Centre, Thavalam

25th Friday, Priests' Seminar

26th Saturday, Eparchial Pastoral Council Meeting

## Pastoral Council Report
## Eparchy of Mississauga

Date: Monday, July 01, 2019
Time: 10:30 AM to 4: PM
Venue: Eparchial Pastoral Centre, St. Alphonsa Cathedral, Mississauga

**Opening activities of the council meeting:**

1. Holy Mass: Rev. Fr. Jacob Edakalathur, Vicar of St. Alphonsa Cathedral & Procurator of Eparchy of Mississauga offered a Holy Mass in the Cathedral for the special intentions of Pastoral Council, Bishop and Eparchy of Mississauga.
2. Opening Prayer: Rev. Sr. Celine Rose CMC (Mother Superior), Rev. Sr. Jeslyn CMC, and Rev. Sr. Jais Maria CMC conducted the opening prayer of the Pastoral Council meeting.
3. Welcome Speech and Presentation of Agenda: Rev. Fr. Daris Moolayal, General Secretary of the Pastoral Council welcomed Mar Jose Kalluvelil, Bishop of the Eparchy of Mississauga, Rev. Fathers, Sisters and all pastoral council members to the meeting. He presented the agenda for the council meeting and invited H.E. Mar Kalluvelil on to the dais for his opening address.
4. Pastoral Council's Report: Mr. Martin Raj Mundadan (Former Joint Secretary of Pastoral Council) presented a summary on the major works of the First Pastoral Council.
5. Introduction and Oath of Fidelity & Secrecy of Pastoral Council members 2019-2021: Following their self-introduction, worthy members of the council proclaimed their Oath of Fidelity and Secrecy as recited by H.E. Mar Jose Kalluvelil and became the Pastoral Council Members of the Eparchy. The priests and nuns attended this meeting are Rev. Fr. Jacob Edakalathur, Rev.Fr. John Mylamvelil, Rev. Fr. Jose Alancherry, Rev. Fr. Pathrose Champakara Peely, Rev. Fr. Martin Augustine SDB, Rev. Fr. Jojo Changanamthundathil, Rev. Fr. Daris Moolayil, Rev. Fr. Saji Thomas CMI, Rev. Sr. Celine CMC, and Rev. Sr. Jessy AO.

38 pastoral council members from various parts of Canada attended this meeting.

**Opening address and inauguration of Pastoral Council 2019-2021**

After presenting the main theme of the day "Thrive, Survive, or Dive", the Patron of the Pastoral Council and Bishop of the Eparchy, H.E. Mar Jose Kalluvelil inaugurated the Pastoral Council Meeting of July 1, 2019. He led the discussions of council by explaining three main bible quotes. [Genesis 12:2, John 15:16, and Mathew 28:18-20] He explained the theme of the day by presenting 10 signs of Church.

- A church with no sense of urgency.
- A declining church that makes you cautious.
- A successful church that makes you cautious.
- Affection for the past is greater than excitement for the future.
- A church that does not understand the change in culture.
- A church without new leaders around the table.
- A church that does not listen to the voice of the people.
- A church that its core team fundamentally healthy.
- Heath at the top is the health at the bottom
- Thriving diocese with thriving leadership.

**Talk by Rev. Fr. Martin Augustine SDB on "How to build up our new Diocese":**

Three major steps to follow:

Step 1. Know your diocese.

Step 2. Appreciate and accept your diocese.

Step 3. Accompany diocese.

Fr. Martin further explained those steps by a comparison of Jesus's life and how He built His Church amongst us.

- Jesus cast his vision with clarity and simplicity to all the people.
- He had a strategic plan.
- He took risk/compliment.
- Jesus engaged himself to crisis.
- Jesus was all about empowering others.

**Financial Report by Mr. Jolly Joseph:**

No formal financial report was submitted in this meeting, but Mr. Jolly Joseph explained to the council that the Finance Department is actively involved in introducing a unified accounting system for the Eparchy.

**What is your vision for the Eparchy? Fr. Martin Augustine facilitated a group discussion among the council members and gathered their outcomes of the discussion for the presentation under six (6) major topics/themes. They are:**

1. Pastoral Care for New Immigrants, Immigrant families and Seniors
    a. Welcoming package, parish registration regulations
    b. Representative from each Parish and Mission
    c. Partnering with different agencies (Vincent De Paul)
    d. Start the legal wing
    e. Contact details of Immigrant Communities
    f. Partnership with Faith Organizations
    g. Create a Mentoring Team
    h. Ongoing accompaniment
    i. Monthly sessions for new Immigrants on various subjects
    j. Make a Toll-free number for new immigrants
2. Faith Formation [Pious Association for Children, Vocation and Catechism)
    a. Cultural gap between teachers and students
    b. Cultural gap between parents and students
    c. Find out the university students for teaching
    d. Have sessions on parenting, how to connect with high school students
    e. Have English Holy Mass for students
    f. Make the Catechism Text Books and Work Books in Canadian context, at least of saints
    g. Special class on Syro Malabar Liturgy
    h. Parents be the role model for children
    i. Parent Teachers Association (PTA)
    j. Pious Association

k. Junior Choir and Bible readings and regular confessions, Adoration for children
l. Special sessions for youth in Family Units
m. Vocation promotion

3. Family Apostolate
   a. Before marriage and after marriage sessions for respective groups.
   b. Youth Conventions to interact each other and a path to life partner
   c. Pre-Marriage Courses (Both in English and Malayalam)
   d. Have sessions for young couples
   e. Family encounter program
   f. Couples retreat
   g. Family Guidance sessions (Professional)
   h. Family associations for married couples: Mathruvedi & Pithrivedi
   i. Pro-Life movement
   j. Senior care, Physically disabled (family visits, old age home visits)
   k. Identify families with inter religious or inter cast marriage and do the needful (families in special needs)
   l. Formation of family resource persons
   m. Sessions on domestic violence, intimate partner relationship violence, child abuse
4. Financial Management of the Eparchy
   1. Sources of income:
      a. Shepherd of Faith
      b. Therattu Fee
      c. Annual Bishop's Appeal (ABA)
      d. PR( Personal Relations)
   2. Finance/Accounting Management
      a. Accounting
      b. Quick books
      c. Use the same format for accounting in all parishes
      d. Give a pack of 60 envelops
   3. Other Revenue Suggestions inclue:
      a. Email on special day (greetings)
      b. Coin Box in each family for catechism students
      c. Approach the families for capital fund

5. Administrative Foundation

Discussion based on Communication.

a. Point of contact
b. Professionalism
c. Punctuality
d. Written communication
e. Policy implementation in Canadian Context
f. Not to be blamed aspect
g. Keeping confidentiality
h. As is acceptance
i. Policy interpretation (Canadian Syro-Malabar)

6. Safe Environment, Social Service Department

a. What are do's and don'ts
b. Child abuse
c. How do we screen the delegates?
d. Professional liability, insurance
e. Hand book and guidelines

**Formation of Core Team for identifying priority themes for the action plan of 2020-2030.**

The pastoral council nominated the following 13 council members to the Core Team to study further and make recommendations to the council and Bishop on the six major areas identified in the group discussion. Following are the members nominated to this committee:

1. Fr. Daris Moolayil (Secretary)
2. Saji George (Joint Secretary )
3. Cherian Manathara
4. Prenson Pereppadan
5. Jerin Raj
6. Santhosh Thomas
7. Biju Devassy
8. Martinraj Manadan
9. Jolly Joseph
10. Tony Chirayilkalam

11. Tessy Jose
12. Leena Joshy
13. Siju Simon –Kingston

**8. Vote of Thanks**

The newly nominated Joint Secretary Mr. Saji George, accepted his new role in the council, and appreciated the hard work and dedication of the Bishop, Rev Pastors, Rev Sisters, staffs and volunteers of the Eparchy and expressed his thanks to everybody in the council.

**9. Next Meeting**

His Excellency Mar Jose Kalluvelil in his concluding speech expressed his gratitude to the members for putting their every effort in the prospects of the Eparchy. He announced that the next meeting of the pastoral council will be on October 26, 2019 from 10:30 am to 4:30 pm and the venue will be at St Alphonsa Cathedral, Mississauga. Agenda will be decided by the Core Team and Bishop later. The meeting concluded with the blessing of Mar Jose Kalluvelil.

## WESTERN REGIONAL PASTORAL CENTER EDMONTON

A long cherished dream for the Eparchy of Mississauga came true by the appointment of Rev. Fr. Augustine Kallumkatharayil as the Director of Western Regional Pastoral Center at St. Alphonsa Syro Malabar Forane Catholic Church, Edmonton. He occupied the office on July 01, 2019. It serves as the center for various pastoral activities of the Eparchy of Mississauga in the Western Regional level organizing programs for Catechetical Department, Family Apostolate and Pious Associations. The magnanimous support and cooperation of Rev. Fr. Thomas Thaicheril, the parish priest and the parishioners are well appreciated in this regard.

Fr. Augustine Kallumkatharayil

**പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ**

**മല്പാൻ മാത്യു വെള്ളാനിക്കൽ**

## പുരോഹിതനും വിശ്വാസപരിശീലനവും (തിരുവചനഭാഗം: ശ്ലീഹ 19,1-41)

പൗലോസ്ശ്ലീഹായുടെ മൂന്നാം പ്രേഷിതയാത്രയിൽ ശുശ്രൂഷ നിർവഹിച്ച പ്രധാനപ്പെട്ട നഗരങ്ങളിലൊന്നായ എഫേസോസിലെ ശുശ്രൂഷയുടെ വിശദാംശങ്ങളാണ് ശ്ലീഹ 19-ാം അദ്ധ്യായത്തിന്റെ ഉള്ളടക്കം. എഫേസോസിലെ സുവിശേഷശുശ്രൂഷയിൽ പൗലോസ്ശ്ലീഹായ്ക്കുണ്ടായ അനുഭവങ്ങൾ, ഒരു പുരോഹിതന് തന്റെ ശുശ്രൂഷയിൽ നേരിടേണ്ടി വരാവുന്ന ചില പ്രത്യേക സാഹചര്യങ്ങളെക്കുറിച്ച് ചിന്തിക്കുവാനും അവയെ എങ്ങനെ നേരിടണമെന്നു മനസ്സിലാക്കുവാനും സഹായകരമാണ്. ഈ അദ്ധ്യായം താഴെപ്പറയുംവിധം നമുക്കു വിഭജിക്കാം.

1. പൗലോസ് വീണ്ടും എഫേസോസിൽ (19,1-7)
2. പൗലോസിന്റെ എഫേസോസിലെ ശുശ്രൂഷ (19,8-10)
3. പൗലോസിന്റെ അടയാളങ്ങളും സ്കേവായുടെ പുത്രന്മാരും (19,11-16)
4. അന്ധവിശ്വാസനാശവും വചനപ്രചാരണവും (19,17-22)
5. വെള്ളിപ്പണിക്കാരുടെ ലഹള (19,23-41)

### 1. പുരോഹിതൻ: തുടർപരിശീലകൻ

അപ്പോൾ പൗലോസ് പറഞ്ഞു: യോഹന്നാൻ തനിക്കു പിന്നാലെ വരുന്നവനിൽ, അതായത്, ഈശോയിൽ വിശ്വസിക്കണമെന്ന് ജനങ്ങളെ ഉദ്ബോധിപ്പിച്ചുകൊണ്ട് അനുതാപത്തിന്റെ സ്നാനമാണ് നല്കിയത്. അവർ ഇതുകേട്ട് കർത്താവായ ഈശോയുടെ നാമത്തിൽ സ്നാനം സ്വീകരിച്ചു. പൗലോസ് അവരുടെമേൽ കൈകൾ വച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെമേൽ വന്നു. അവർ അന്യഭാഷകളിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തു. അവർ ഏകദേശം പന്ത്രു പേരുണ്ടായിരുന്നു(19,4-7).

എഫേസോസിൽവച്ച് പൗലോസ് പന്ത്രണ്ടു ശിഷ്യന്മാരെ കാണുകയുണ്ടായി. ശിഷ്യൻ എന്ന പദം മിശിഹായിൽ വിശ്വസിക്കുന്നവരെ ഉദ്ദേശിച്ച് സാധാരണ ഉപയോഗിച്ചു വന്നിരുന്നതാണ്. എന്നാൽ അവർ അപ്പോളോസിനെപ്പോലെ, യോഹന്നാന്റെ സ്നാപനം മാത്രമേ അറിഞ്ഞിരുന്നുള്ളു. പരിശുദ്ധാത്മദാനം ലഭിക്കാത്ത, പന്തക്കുസ്താനുഭവത്തിനു മുമ്പുള്ള അവസ്ഥയെ ചൂിക്കാണിക്കുന്നതാണ് യോഹന്നാന്റെ സ്നാപനം. അപ്പോളോസും എഫേസോസിലെ ശിഷ്യരും യോഹന്നാന്റെ സ്നാപനമേ സ്വീകരിച്ചിരുന്നുള്ളു. അതുകൊണ്ട് എഫേസോസിലെ ശിഷ്യന്മാർക്ക് പൗലോസ് ഈശോമിശിഹായുടെ നാമത്തിലുള്ള മാമ്മോദീസാ നല്കി. മാത്രമല്ല, പൗലോസ് അവരുടെമേൽ കൈകൾവച്ച് പരിശുദ്ധാത്മാവിനെ നല്കുകയും ചെയ്തു. അതായത്, അവരെ ക്രിസ്തീയവിശ്വാസത്തിലേക്ക് പൂർണ്ണമായി പ്രവേശിപ്പിച്ചു. അതിനുശേഷം ദൈവരാജ്യത്തെക്കുറിച്ച് ധൈര്യപൂർവ്വം പ്രസംഗിച്ചു എന്നുംകൂടി അവിടെ പറയുന്നു.ഈ സംഭവം ശ്ലീഹ 8,17 ൽ മിശിഹായിൽ വിശ്വാസം സ്വീകരിച്ച സമറിയാക്കാരുടെമേൽ പത്രോസ് കൈകൾവച്ച സംഭവവുമായി താരതമ്യപ്പെടുത്താവുന്നതാണ്. അതായത്, അവരെ പ്രവേശനകൂദാശകൾ നല്കി പൂർണ്ണമായ വിശ്വാസത്തിലേക്കു പ്രവേശിപ്പിച്ചു. ഈശോയുടെ നാമത്തിൽ എന്നിവിടെ വിശേഷിപ്പിച്ചിരിക്കുന്നത് പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ തന്നെയായിരിക്കാനാണ് സാധ്യത. മറ്റു സ്നാനങ്ങളിൽനിന്നും തിരിച്ചറിയുവാൻവേണ്ടി ഈശോയുടെ നാമത്തിൽ എന്നു പറയുന്നതാവാം. അതുകൊണ്ട് ക്രിസ്തീയവിശ്വാസത്തിന്റെ പൂർണ്ണതയിലേക്ക് അവരെ പ്രവേശിപ്പിച്ചുകൊണ്ട് പൗലോസ് അവരെ പഠിപ്പിച്ചു എന്നുവേണം നാം മനസ്സിലാക്കുവാൻ. മിശിഹാശിഷ്യത്വം, പ്രവേശനകൂദാശാസ്വീകരണവും തുടർന്നുള്ള വിശ്വാസപരിശീലനവും ആവശ്യപ്പെടുന്നു എന്ന് ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു. മാമ്മോദീസാ നല്കി പഠിപ്പിച്ച് ശിഷ്യരാക്കുവാനാണല്ലോ ഈശോ ശ്ലീഹന്മാരോട് ആവശ്യപ്പെട്ടത് (മത്താ 28,19). അതുകൊണ്ട് പുരോഹിതർ കൂദാശാശുശ്രൂഷകൊണ്ടുമാത്രം തൃപ്തിപ്പെടാതെ വിശ്വാസത്തിലുള്ള തുടർപരിശീലനത്തിലും പ്രബോധനത്തിലും പ്രത്യേകം ശ്രദ്ധിക്കണം.

### 2. പുരോഹിതൻ: വിശ്വാസപ്രബോധകൻ

അവർ സിനഗോഗിൽ പ്രവേശിച്ച് ധൈര്യപൂർവ്വം ദൈവരാജ്യത്തെക്കുറിച്ച് മൂന്നു മാസം പ്രസംഗിക്കുകയും

വാദപ്രതിവാദത്തിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ ദുർവാശിക്കാരായ ചിലർ വിശ്വസിക്കാൻ വിസമ്മതിക്കുകയും സമൂഹത്തിന്റെ മുമ്പിൽ ക്രിസ്തുമാർഗ്ഗത്തെ ദുഷിക്കുകയും ചെയ്തു. അതിനാൽ അവൻ അവരെ വിട്ട് ശിഷ്യരെയുംകൂട്ടി ടിറാനോസിന്റെ പ്രസംഗശാലയിൽപോയി എല്ലാ ദിവസവും വിവാദത്തിൽ ഏർപ്പെട്ടുപോന്നു" (19,8–9).എഫേസോസിൽ പതിവുപോലെ സിനഗോഗു കേന്ദ്രീകരിച്ചാണ് പൗലോസ് തന്റെ പ്രസംഗവും പ്രബോധനവും നല്കിയത്. അവിടെ ധൈര്യപൂർവ്വം ദൈവരാജ്യത്തെക്കുറിച്ച് പ്രസംഗിക്കുകയും വാദപ്രതിവാദത്തിലേർപ്പെടുകയും ചെയ്തു. പ്രസംഗിക്കുക മാത്രമല്ല, വാദപ്രതിവാദത്തിലേർപ്പെടുകയും ചെയ്തുവെന്ന് പ്രത്യേകം എടുത്തു പറയുന്നു. ഇത് പ്രവേശനകൂദാശകൾ സ്വീകരിച്ചതിനുശേഷമുള്ള വിശ്വാസപ്രബോധനത്തെയാണ് സൂചിപ്പിക്കുന്നത്. മനുഷ്യൻ ക്രിസ്തീയവിശ്വാസം സ്വീകരിച്ചതുകൊണ്ടുമാത്രം ക്രിസ്തീയജീവിതം നയിക്കുന്നവനാകുകയില്ല. അവൻ ബുദ്ധിജീവിയായതുകൊണ്ട് വിശ്വാസത്തെ ചോദ്യംചെയ്യുന്ന പല ചോദ്യങ്ങളും അവന്റെ മനസ്സിലുയരുക സ്വാഭാവികമാണ്. ആ ചോദ്യങ്ങൾക്ക് മറുപടി കൊടുക്കുവാൻ വിശ്വാസപരിശീലകർ തയ്യാറായിരിക്കണം. ദൈവശാസ്ത്രപഠനങ്ങളെല്ലാം വിശ്വാസത്തെ മനസ്സിലാക്കുവാനുള്ള പരിശ്രമങ്ങളായിട്ടു നാം കാണണം. അപ്രകാരമുള്ള വിശ്വാസപ്രബോധനം പുരോഹിതശുശ്രൂഷയുടെ ഒരു അവശ്യഘടകമാണ്.

പല സ്ഥലങ്ങളിലുമുായ അനുഭവം പൗലോസിന് എഫേസോസിലുമുായി. സിനഗോഗിലെ ഒരു വിഭാഗം ആളുകൾ പൗലോസിനോടു ചേർന്നുവെങ്കിലും, മറ്റൊരു കൂട്ടർ അദ്ദേഹത്തെ എതിർത്തു. അതുമൂലം കോറിന്തോസിൽവച്ചു ചെയ്തതുപോലെ വിശ്വാസികളുടെ സമൂഹത്തെ എതിരാളികളിൽനിന്നും അദ്ദേഹം വേർതിരിച്ചു. അതിനുള്ള സൗകര്യം അവിടെ പൗലോസിനു ലഭിക്കുകയും ചെയ്തു. എഫേസോസിലെ ടിറാനോസിന്റെ പേരിൽ ഒരു വിദ്യാലയമുണ്ടായിരുന്നു. സ്കൂളിലെ അദ്ധ്യാപനം രാവിലെ 11 മണികൊണ്ട് അവസാനിക്കുകയും, പിന്നീട് മദ്ധ്യാഹ്നശേഷം 4 മണിക്കു പുനരാരംഭിക്കുകയുമാണ് ചെയ്തിരുന്നത്. അതുകൊ് രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് 4 വരെയുള്ള സമയം വിശ്വാസികൾക്കു കൂടിച്ചേരാൻ ആ വിദ്യാലയം സൗകര്യപ്രദമായി ലഭിച്ചു. ഇങ്ങനെ രണ്ടു വർഷക്കാലം പൗലോസ് ആ സ്ഥലം കേന്ദ്രമാക്കി സുവിശേഷപ്രബോധനം നടത്തുകയും സഭയെ ബലപ്പെടുത്തുകയും ചെയ്തു. തുടർവിശ്വാസപ്രബോധനത്തിലൂടെ സഭയെ വളർത്തുവാൻ പുരോഹിതൻ നിരന്തരമായി ശ്രദ്ധിക്കണം.

3. പുരോഹിതൻ: അടയാളങ്ങളോടുകൂടെ പ്രബോധിപ്പിക്കുന്നവൻ

പൗലോസിന്റെ കരങ്ങൾവഴി ദൈവം അസാധാരണമായ അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നു. അവന്റെ ശരീരസ്പർശനമേറ്റ തൂവാലകളും അംഗവസ്ത്രങ്ങളും അവർ രോഗികളുടെ അടുത്തുകൊണ്ടുവന്നു. അപ്പോൾ രോഗം അവരെ വിട്ടുമാറുകയും അശുദ്ധാത്മാക്കൾ അവരിൽനിന്നു പുറത്തുവരികയും ചെയ്തിരുന്നു. പിശാചുബാധ ഒഴിപ്പിച്ചിരുന്ന ചില യഹൂദർ പൗലോസ് പ്രസംഗിക്കുന്ന ഈശോയുടെ നാമത്തിൽ നിന്നോടു ഞാൻ കല്പിക്കുന്നു എന്നു പറഞ്ഞുകൊണ്ട് അശുദ്ധാത്മാക്കളുടെമേൽ കർത്താവായ ഈശോയുടെ നാമം പ്രയോഗിച്ചുനോക്കി (19,11–13).

പൗലോസിന്റെ സുവിശേഷപ്രഘോഷണത്തിനും പ്രബോധനത്തിനും അകമ്പടിയായി അത്ഭുതങ്ങൾ ഉണ്ടായിരുന്നു എന്ന് ഇവിടെ എടുത്തുപറയുന്നു. സുവിശേഷപ്രഘോഷണത്തോടൊപ്പം അടയാളങ്ങളുണ്ടാകുമെന്ന് ഈശോ വാഗ്ദാനം ചെയ്തിട്ടുള്ളതാണ് (മർക്കോ 16,17–18). ഇവിടെ എടുത്തുപറയുന്ന അത്ഭുതപ്രവൃത്തികൾ ഈശോയെപ്പറ്റി മർക്കോസ് 5,27 മുതലും 6,56 മുതലും പറയുന്ന കാര്യങ്ങളോട് ചേർന്നുപോകുന്നതാണ്. നടപടിഗ്രന്ഥത്തിൽത്തന്നെ പത്രോസിന്റെ സുവിശേഷപ്രഘോഷണത്തിനും അപ്രകാരം സംഭവിക്കുന്നതായി കാണുന്നുണ്ട് (ശ്ലീഹ 5,15). സുവിശേഷപ്രഘോഷണത്തിന്റെയും പ്രബോധനത്തിന്റെയും ഭാഗമായി അത്ഭുതകരമായ അടയാളങ്ങളുണ്ടാകും – ഉണ്ടാവണം – എന്നതിനു സംശയമില്ല. അതുകൊണ്ട് പുരോഹിതന്റെ സുവിശേഷപ്രഘോഷണത്തിന്റെയും പ്രബോധനത്തിന്റെയും ശുശ്രൂഷകളോടനുബന്ധിച്ച് അപ്രകാരമുള്ള അടയാളങ്ങൾ ഉണ്ടാകുന്നതിനെ ഭാവാത്മകമായിത്തന്നെയാണ് നാം കാണേണ്ടത്.

അതേസമയം അവയോടുള്ള വിശ്വാസികളുടെ സമീപനത്തിലും സുവിശേഷപ്രഘോഷകർ അത് ഉപയോഗപ്പെടുത്തുന്ന രീതിയിലും ആഭിമുഖ്യഭ്രംശമുാകാമെന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. പൗലോസിന്റെ സുവിശേഷപ്രഘോഷണത്തോടനുബന്ധിച്ചുായ അത്ഭുതങ്ങൾ കണ്ട യഹൂദമന്ത്രവാദികളും സ്കേവായുടെ പുത്രന്മാരും പൗലോസ് പ്രസംഗിച്ച ഈശോയുടെ നാമം തങ്ങളുടെ മന്ത്രപ്രയോഗത്തിനു സഹായകമായി ഉപയോഗിക്കുവാൻ ശ്രമിച്ചു (19,13–14). അവരുടെ ശ്രമത്തെ ഒരു പിശാചുബാധിതനെ ആവേശിച്ചിരുന്ന അശുദ്ധാത്മാവ് പരാജയപ്പെടുത്തി. മന്ത്രവാദികൾ അപകടത്തിലുമായി (19,15–16). അതിന്റെ ഫലമായി പലരും മന്ത്രവാദത്തിൽനിന്നും പിന്മാറിയെങ്കിലും, എപ്പോഴും അതുപോലെ സംഭവിക്കണമെന്നില്ല.

